9817
28/4/17

**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - പാലക്കാട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ . ഷാഫി പറമ്പിൽ എംഎൽഎ-യുടെ ആസ്തിവികസന പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 1294/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 22.04.2017.

---

പരാമർശം - (1) 11.06.2012-ലെ നം.332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. നൽകിയ 07.11.2016, 22.11.2016 എന്നീ തീയതികളിലെ കത്തുകൾ.

(3) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.03.2017-ലെ ഡിബി3-1789, 886/17/സിഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ഷാഫി പറമ്പിൽ എം.എൽ.എ., "പാലക്കാട് നഗരസഭ വാർഡ് 37 കള്ളിക്കാട് - കലിമ നഗർ റോഡും അനുബന്ധ ഡ്രെയിനേജും നിർമ്മാണം", "പാലക്കാട് നഗരസഭ വാർഡ് 38 കൈക്കുളത്ത് പറമ്പിൽ പൊരിക്കാര സ്ട്രീറ്റിൽ ഡ്രൈനേജ് നിർമ്മാണം" എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പരാമർശം 3 പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ . ഷാഫി പറമ്പിൽ എം.എൽ.എ - യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന 2 പ്രവൃത്തികൾ ആകെ അടങ്കൽ തുകയായ 37.30 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പ്രോജക്റ്റ് ഐ.ഡി. | വർക്കിന്റെ പേര് | എസ്റ്റിമേറ്റ് തുക (രൂപ) |
|---|---|---|---|
| 1 | 1116 | പാലക്കാട് നഗരസഭ വാർഡ് 37 കള്ളിക്കാട് - കലിമ നഗർ റോഡും അനുബന്ധ ഡ്രെയിനേജും നിർമ്മാണം | **25 ലക്ഷം** |

| | | | |
|---|---|---|---|
| 2 | 1291 | പാലക്കാട് നഗരസഭ വാർഡ് 38 കൈക്കുളത്ത് പറമ്പിൽ പൊരിക്കാര സ്ട്രീറ്റിൽ ഡ്രൈനേജ് നിർമ്മാണം | 12.3 ലക്ഷം |
| ആകെ | | | 37.3 ലക്ഷം |

4. ആയതു സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്റ്റ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

റ്റി.പി.വിജയകുമാർ,
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ . ഷാഫി പറമ്പിൽ, എം.എൽ.എ., പാലക്കാട് നിയോജകമണ്ഡലം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, പാലക്കാട് നഗരസഭ.
ധനകാര്യ വകുപ്പ് (ഫയൽ . ഐ . ഡി :449/ എൻ . സി . സി .2/2016/ ധന)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ
പകർപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.